# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3302

29.01.2014 -ൽ മറുപടി നൽകേണ്ടത്

## നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ : | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; | (എ) പ്രവൃത്തിയുടെ പുരോഗതി ചീഫ് ടൗൺ പ്ലാനർ തുടർച്ചയായി വിലയിരുത്തുന്നുണ്ട്. ഇതുവരെ 18 അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നാല് അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. വകുപ്പുമന്ത്രി മൂന്ന് പ്രാവശ്യം നഗരങ്ങൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയുണ്ടായി. കൂടാതെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2013 പ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച് നഗരസഭാ ചെയർമാൻമാരും ഡി. പി. സി ചെയർമാൻമാരുമായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി 15-01-2014-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണ യോഗം നടത്തുകയുണ്ടായി. |
| (ബി) ഏതെല്ലാം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തിയായിട്ടുണ്ട് ; വിശദ വിവരം നൽകാമോ ; | (ബി) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ മാസ്റ്റർ പ്ലാനുകളുടെ പ്രവർത്തന വിവരം താഴെ വിവരിക്കുന്നു.<br><br>**ഒന്നാം ഘട്ടത്തിലെ നഗരസഭകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രവർത്തന വിവരം**<br><br>**I സർക്കാർ അംഗീകാരം ലഭിച്ച പ്ലാനുകൾ**<br>പരവൂർ (കൊല്ലം ജില്ല), ചങ്ങനാശ്ശേരി, വൈക്കം, തലശ്ശേരി, മലപ്പുറം |

**II ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാൻ വേണ്ടി കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ച നഗരസഭകൾ**

കൊല്ലം, അടൂർ, കണ്ണൂർ, തിരുവനന്തപുരം, നോർത്ത് പരവൂർ, തൃശൂർ, ഗുരുവായൂർ, കാസർഗോഡ്, മൂവാറ്റുപുഴ, കൽപ്പറ്റ, പാല, പത്തനംതിട്ട.

**III കരട് പ്ലാനുകൾ പൂർത്തീകരിച്ച് അംഗീകാരത്തിനായി മുനിസിപ്പാലിറ്റികൾക്ക് സമർപ്പിച്ചവ**

**1. ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാൻ വേണ്ടി കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കാൻ സർക്കാരിൽ നിന്നും അനുമതി ലഭിച്ചവ**

കോതമംഗലം, വടകര

**2. പ്രസിദ്ധീകരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചത്**

പാലക്കാട്

**3. വകുപ്പുതലത്തിൽ കരട് പ്ലാൻ തയ്യാറാക്കി JTPC/ മുനിസിപ്പാലിറ്റികളുടെ അംഗീകാരത്തിനായി സമർപ്പിച്ചവ**

കൊച്ചി (കൊച്ചി കോർപ്പറേഷൻ + തൃപ്പൂണിത്തുറ, കളമശ്ശേരി, മരട്, തൃക്കാക്കര, ഏലൂർ നഗരസഭകളും ഗ്രാമപഞ്ചായത്തുകളും), പെരുമ്പാവൂർ, തിരുവല്ല, കായംകുളം, കോഴിക്കോട്, കോട്ടയം

**IV കരട് പ്ലാനുകൾ വകുപ്പുതലത്തിൽ പൂർത്തിയാക്കിയവ/നഗരസഭകളുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ അന്തിമമാക്കിക്കൊണ്ടിരിക്കുന്നവ**

തൊടുപുഴ, ആലപ്പുഴ, നെയ്യാറ്റിൻകര, ആലുവ, അങ്കമാലി

ഇതുകൂടാതെ ഇടുക്കിയുടെ മാസ്റ്റർ പ്ലാൻ റിവിഷനും (മരിയാപുരം, വാഴത്തോപ്പ് പഞ്ചായത്തുകൾക്ക് പ്രത്യേകം പ്ലാൻ) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2013 അനുസരിച്ചുള്ള നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതിനാൽ മേൽപ്പറഞ്ഞിട്ടുള്ളത് പഴയ നിയമപ്രകാരമുള്ള സ്റ്റാറ്റസാണ്

രണ്ടാം ഘട്ടത്തിലെ നഗരസഭകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രവർത്തന വിവരം

I കരട് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയവ (നഗരസഭയുമായി ചർച്ച ചെയ്ത് അന്തിമമാക്കിക്കൊണ്ടിരിക്കുന്നവ)

പെരിന്തൽമണ്ണ, കുന്നംകുളം, സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത്, കൊയിലാണ്ടി

II തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പ്ലാനുകൾ

1. കൺസപ്റ്റ് പ്ലാൻ തയ്യാറാക്കിയവ

കരുനാഗപ്പള്ളി, കൊടുങ്ങല്ലൂർ, ഷൊർണൂർ, മട്ടന്നൂർ, തളിപ്പറമ്പ്, ഒറ്റപ്പാലം, കാഞ്ഞങ്ങാട്,

2. പഠനവിശകലനങ്ങൾ പൂർത്തീകരിച്ചവ

ചാലക്കുടി, തിരൂർ, പൊന്നാനി, ചിറ്റൂർ തത്തമംഗലം.

3. വിവര ശേഖരണം പൂർത്തിയാക്കി, വിവര വിശകലനം പുരോഗമിക്കുന്നവ

നെടുമങ്ങാട്, പുനലൂർ, ചേർത്തല, പന്തളം (ഗ്രാമപഞ്ചായത്ത്), ചാവക്കാട്, ഇരിങ്ങാലക്കുട, പയ്യന്നൂർ

4. വിവരശേഖരണ ഘട്ടങ്ങളിലുള്ളവ

ആറ്റിങ്ങൽ, വർക്കല, ചെങ്ങന്നൂർ, മാവേലിക്കര, നിലമ്പൂർ, കോട്ടയ്ക്കൽ, മഞ്ചേരി, കൂത്തുപറമ്പ്, നീലേശ്വരം

2014 മാർച്ച് മാസത്തോടെ ഈ പട്ടണങ്ങളുടെ വികസന രൂപരേഖകൾ തയ്യാറാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | പെരുമ്പാവൂർ മാസ്റ്റർ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ? | (സി) | പെരുമ്പാവൂർ മുനിസിപ്പൽ ഏരിയയുടെ റിവൈസ്ഡ് ഡെവലപ്പ്മെന്റ് പ്ലാനിന്റെ കരട് ചീഫ് ടൗൺ പ്ലാനർ 04-06-2012-ൽ മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരത്തിനുവേണ്ടി അയച്ചുകൊടുത്തിരുന്നു. മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടതനുസരിച്ച് 25-10-2012 ലെ കൗൺസിലിൽ Regional Town Planner ആയത് അവതരിപ്പിച്ചു. എന്നാൽ കൗൺസിൽ ചില ഭേദഗതി വരുത്തണമെന്ന് നിർദ്ദേശിച്ചു. ആയതുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയിൽ നിന്നും രേഖാമൂലം 11-02-2013-ൽ ചില നിർദ്ദേശങ്ങൾ ലഭിച്ചു. സീനിയർ ടൗൺ പ്ലാനർ എറണാകുളം 14-03-2013-ൽ ടി വിഷയത്തിൽ |

നഗരസഭയുമായി ചർച്ച നടത്തുകയും ചർച്ചയുടെയും സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് കരട് പ്ലാൻ പരിഷ്കരിച്ച് മുനിസിപ്പാലിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**